ടോക്കൺ പ്രൊവിഷൻ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. ആവശ്യമായ തുക കണ്ടെത്തിയതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

125 (1669) മീനങ്ങാടിയിൽ സബ്‌രജിസ്ട്രാർ ഓഫീസ്

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മീനങ്ങാടിയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ ഓഫീസ് എന്നുമുതൽ പ്രവർത്തനമാരംഭിക്കുമെന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സബ്‌രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. അക്കൂട്ടത്തിൽ മീനങ്ങാടിയിൽ സബ്‌രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശവുമുണ്ട്.

126 (1670) വാടക നിയന്ത്രണ നിയമം

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക നിയന്ത്രണ നിയമം പരിഷ്കരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഇന്ത്യാ ഗവൺമെന്റ് തയ്യാറാക്കി അയച്ചുതന്നിട്ടുള്ള മാതൃകാ വാടക നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കേരളത്തിലെ പരിസ്ഥിതികൾക്ക് അനുയോജ്യമായ രീതിയിൽ 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) നിയമം പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

127 (1671) ലിഫ്റ്റുകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ വികാസ്ഭവനിലെ ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly